134 (715) തൃശ്ശൂർ നഗരവികസന അതോറിറ്റി പണിത കെട്ടിടത്തിലെ മുറികൾ വാടകയ്ക്ക് കൊടുക്കുന്ന നടപടി

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ നഗരവികസന അതോറിറ്റി തൃശ്ശൂർ ശക്തൻതമ്പുരാൻ മാർക്കറ്റ് പരിസരത്ത് പണിത കെട്ടിടത്തിലെ മുറികൾ വാടകയ്ക്ക് കൊടുക്കുന്നതിന്റെ നടപടികൾ ഏതു ഘട്ടംവരെയായി;

(ബി) ഈ കെട്ടിടത്തിന്റെ നിർമ്മാണത്തിന് എന്തു തുക ചെലവായി;

(സി) നിർമ്മാണം എന്നാണ് തുടങ്ങിയത്; എസ്റ്റിമേറ്റ് സംഖ്യ എത്രയായിരുന്നു; എത്ര തുക ഇതിനകം ചെലവഴിച്ചു;

(ഡി) നിർമ്മാണം അവസാനം നിർത്തിവച്ചത് എന്നാണ്; വീണ്ടും പണി പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) എത്ര മുറികൾ വാടക അഡ്വാൻസായി ലഭിച്ചിട്ടുണ്ട്; ആർക്കെങ്കിലും നഷ്ടപരിഹാരം നൽകേണ്ടിവന്നിട്ടുണ്ടോ;

(എഫ്) കെട്ടിടത്തിന്റെ പണി പൂർത്തിയാക്കി ഉദ്ഘാടനം ചെയ്യാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കെട്ടിടനിർമ്മാണത്തിനുള്ള ഫണ്ട് സമാഹരിക്കുന്നതിനുവേണ്ടി 12 മുറികൾ 99 വർഷത്തേക്ക് ലീസിന് കൊടുത്തിട്ടുണ്ട്. ബാക്കി 46 മുറികളും നാലു മുകൾ നിലകളും പണി പൂർത്തിയാകുന്ന മുറയ്ക്ക് ലീസിന് നൽകാൻ ഉദ്ദേശിക്കുന്നു.

(ബി) കെട്ടിട നിർമ്മാണത്തിന് ഇതുവരെ 1,47,35,490/- രൂപ ചെലവായി.

(സി) നിർമ്മാണം 17.8.1993-ൽ ആരംഭിച്ചു. എസ്റ്റിമേറ്റു തുക 91,82,006/- ഇതുവരെ 1,47,35,490/- രൂപ ചെലവഴിച്ചു.

(ഡി) നിർമ്മാണം 3.10.97-ൽ നിർത്തിവച്ചു. വീണ്ടും പണി പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(ഇ) 12 മുറികൾക്ക് വാടക അഡ്വാൻസ് ലഭിച്ചിട്ടുണ്ട്. കടമുറികൾ ഏൽപ്പിച്ചുകൊടുക്കുന്ന തീയതിവരെയുള്ള പലിശ കൊടുക്കേണ്ടതുണ്ട്. ഇതേവരെ ഈയിനത്തിൽ തുക ഒന്നും കൊടുത്തിട്ടില്ല.

(എഫ്) പണി പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

135 (716) ചേരാനല്ലൂരിലെ ഖരമാലിന്യ പ്രോസസിംഗ് പ്ലാന്റ്

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. വി.ജെ. പൗലോസ് :
ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly